# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്.

**പുറപ്പെടുവിക്കുന്നത് : കെ.ജെ.വറുഗ്ഗീസ്, IFS**

വിഷയം : വനം വകുപ്പ് – ജീവനക്കാര്യം – 01.01.2015 തീയതി കണക്കാക്കി തയ്യാറാക്കിയ അപ്പർ ഡിവിഷൻ ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി. ലതികാകുമാരി. എം.എസിന്റെ സ്ഥാനം താൽക്കാലികമായി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് – സംബന്ധിച്ച്.

സൂചന :
1. ശ്രീമതി. ലതികാകുമാരി, സീനിയർ ക്ലാർക്ക് സമർപ്പിച്ച അപേക്ഷ.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 19.04.2005 ലെ ഇ3 – 4505/04 നമ്പർ ഉത്തരവ്.
3. ഭരണവിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 04.04.2015 ലെ ഇ5 – 48110/14 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ ഇ5 –48110/14 തീയതി 15.06.2016

വനം വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ 01.01.2015 തീയതി കണക്കാക്കിയുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സൂചന (3) പ്രകാരം 19.05.2015 ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ തന്റെ സ്ഥാനം ക്രമനമ്പർ 68 ആയി തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നത് തിരുത്തി അർഹമായ സ്ഥാനം നിർണ്ണയിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് സീനിയർ ക്ലാർക്ക് ശ്രീമതി. ലതികാകുമാരി എം.എസ് സൂചന (1) പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

04.01.1995 ൽ ക്ലാർക്ക് ടൈപ്പിസ്റ്റായി സർവ്വീസിൽ പ്രവേശിച്ച ശ്രീമതി. ലതികാകുമാരി എം.എസിന് സൂചന (2) ഉത്തരവ് പ്രകാരം 01.04.2005 പ്രാബല്യത്തിൽ ശ്രീ. ബാബുരാജ്. പി. എൻ ന് താഴെയായ് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയിരുന്നു. 01.01.2015 തീയതി കണക്കാക്കി സീനിയർ ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ടിയാൾ വകുപ്പ്തല പരീക്ഷകൾ പാസ്സായത് ഡിസംബർ 1996 എന്നതിന് പകരം ജനുവരി 2005 എന്ന് തെറ്റായി രേഖപ്പെടുത്തിയത് കാരണമാണ്. ടിയാളുടെ സ്ഥാനം താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 68 ആയി നിജപ്പെടുത്തിയത്.

ശ്രീമതി. ലതികാകുമാരി എം.എസിന്റെ അപേക്ഷ നിലവിലുള്ള ചട്ടങ്ങളും അവരുടെ നിയമന രേഖകളുമായി വിശദമായി

പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ (50) ബാബുരാജ്. പി.എം നും ക്രമനമ്പർ (51) സുസ്മിത എം.വി യ്ക്കും മദ്ധ്യേ (50A) ആയി സ്ഥാനം നിശ്ചിയിക്കുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് ഉത്തരവാകുന്നു.

മേൽ തീരുമാനത്തിനെതിരെ പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ വ്യക്തമായ രേഖകൾ സഹിതം ഓഫീസ് മേലധികാരി മുഖേന പരാതി സമർപ്പിക്കേണ്ടതാണെന്നും നിശ്ചിത സമയത്തിനുള്ളിൽ വ്യക്തമായ പരാതികൾ ഒന്നും ലഭിക്കാത്തപക്ഷം ഈ തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കുമെന്നും അറിയിക്കുന്നു.

**കെ. ജെ. വർഗ്ഗീസ് ഐ.എഫ്.എസ്**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

ശ്രീമതി ലതികാകുമാരി എം.എസ്
(ഓഫീസ് മേലധികാരി മുഖേന)

*പകർപ്പ് :*

1. എല്ലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അയയ്ക്കുന്നു. ടി ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകി കൈപ്പറ്റ് ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണെന്നും അറിയിക്കുന്നു.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
3. പകർപ്പ് ഇ3 സെക്ഷന്.